## പതിമൂന്നാം കേരള നിയമ സഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമ സഭാ ചോദ്യം നമ്പർ 1190 21-03-2013 -ലെ മറുപടിക്ക്

## ദുരന്ത നിവാരണ സെല്ലിന്റെ പബ്ളിക് അഡ്രസ് സിസ്റ്റം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പാലോട് രവി | | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) | റവന്യൂ വകുപ്പിന്റെ കീഴിലുള്ള ദുരന്ത നിവാരണ സെല്ലിൽ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളെ ഏകോപിപ്പിച്ച് കൊണ്ട് വാർത്താ വിനിമയ ഉപകരണങ്ങളും പബ്ളിക് അഡ്രസ് സിസ്റ്റവും സ്ഥാപിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. ഏഷ്യൻ വികസന ബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കിയ സുനാമി അടിയന്തിര സഹായ പദ്ധതിപ്രകാരം 9 തീരദേശ ജില്ലകളിൽ 'ഏർളി വാർണിംഗ് സിസ്റ്റവും' അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചിട്ടുണ്ട്. വി.എച്ച്.എഫ് അധിഷ്ഠിത വയർലസ് സംവിധാനം 63 താലൂക്ക് ഓഫീസുകളിലും 14 ജില്ലാ കളക്ടറേറ്റുകളിലും 5 സ്റ്റേറ്റ് ലെവൽ ഓഫീസുകളിലും സ്ഥാപിച്ചിട്ടുണ്ട്. |
| ബി) | ഉണ്ടെങ്കിൽ ഇവ പൂർണ്ണമായും പ്രവർത്തിക്കുന്നുണ്ടോ; | ബി) | ഇവ പൂർണ്ണമായും പ്രവർത്തനക്ഷമമല്ല. |
| സി) | ഇത് നടപ്പിലായിട്ടുണ്ടെങ്കിൽ ഗവൺമെന്റ് എത്ര രൂപ ചെലവാക്കി എന്ന് വ്യക്തമാക്കാമോ ; | സി) | ഏർളി വാർണിംഗ് സിസ്റ്റവും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനായി ഏഷ്യൻ വികസന ബാങ്കിന്റെ സഹായത്തോടെ സുനാമി അടിയന്തിര സഹായ പദ്ധതിയിൻ കീഴിൽ 2,25,39,805/- (രണ്ട് കോടി ഇരുപത്തിയഞ്ച് ലക്ഷത്തി മുപ്പത്തൊമ്പതിനായിരത്തി എണ്ണൂറ്റി അഞ്ച് രൂപാ മാത്രം) ചെലവഴിച്ചിട്ടുണ്ട് കൂടാതെ 1,28,18,613 (ഒരു കോടി ഇരുപത്തിയെട്ടു ലക്ഷത്തി പതിനെണ്ണായിരത്തി അറുന്നൂറ്റി പതിമൂന്ന് രൂപാ മാത്രം) യു.എൻ.ഡി.പി യും ചെലവഴിച്ചിട്ടുണ്ട്. |
| ഡി) | ഈ സിസ്റ്റം നിലവിൽ വന്നതിനുശേഷം ഏതെങ്കിലും സർക്കാർ വിഭാഗം പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ; | ഡി) | കേന്ദ്ര ഗവൺമെന്റിന്റെ വയർലസ്സ് പ്ളാനിംഗ് കമ്മീഷൻ വി.എച്ച്.എഫ് അധിഷ്ഠിത വയർലസ്സ് സംവിധാനം പരിശോധിച്ച് ലൈസൻസ് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഇ) | ഏതെല്ലാം ദുരന്തങ്ങളിൽ സഹായം നൽകാൻ ഈ സിസ്റ്റം വഴി കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; | ഇ) | സുനാമി, കൊടുങ്കാറ്റ്, കനത്ത മഴ എന്നിവയെ സംബന്ധിച്ച് വിവിധ ഏജൻസികളിൽ നിന്നും ലഭ്യമായ മുന്നറിയിപ്പുകൾ തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്കായി ജില്ലാ തലത്തിലേക്ക് ഈ സംവിധാനം വഴി നല്കിയിട്ടുണ്ട്. ജില്ലകളിൽ നിന്നും പ്രതിദിന റിപ്പോർട്ടുകൾ ശേഖരിക്കുന്നതിനും ഈ സംവിധാനം അവശ്യമുള്ളപ്പോൾ ഉപയോഗപ്പെടുത്തുന്നു. |
| എഫ്) | പോലീസ്, ഫയർഫോഴ്സ് തുടങ്ങിയ വിഭാഗങ്ങളെ ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിന് പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിലെ അംഗങ്ങളെ ഡെപ്യൂട്ടേഷനിൽ നിയമിച്ച് പ്രവർത്തനവും മെയിന്റനൻസും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | എഫ്) | ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ